**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6831** **21-03-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയുടെ റിവർ മാനേജ്മെന്റ് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയുടെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിലവിൽ എത്ര തുകയുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | മലപ്പുറം ജില്ലയിലെ റിവർ മാനേജെന്റ് ഫണ്ടിൽ നിലവിൽ (08/03/2023 വരെ) 2,16,88,093/- രൂപ (രണ്ട് കോടി പതിനാറു ലക്ഷത്തി എൺപത്തിയെണ്ണായിരത്തി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) നിലവിലുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ പ്രസ്തുത ഫണ്ട് മുഖേന എത്ര പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും പ്രവൃത്തികൾ ഏറ്റെടുത്തിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്നും വിശദമാക്കാമോ; | (ബി) | 2019 -ൽ ഭരണാനുമതി നല്കിയിട്ടുള്ളതും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർ ക്കുന്നു. |
| (സി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ മലപ്പുറം ജില്ലയുടെ റിവർ മാനേജ്മെന്റ് ഫണ്ടിലെ തുക മറ്റ് ജില്ലകൾക്ക് കൈമാറിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. പത്തനംതിട്ട ജില്ലയിലെ മൂന്ന് നദീതീര സംരക്ഷണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് 06.06.2019 തീയതിയിലെ സ.ഉ (സാധാ) നം.1433/2019/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആകെ 39,66,973/- (മുപ്പത്തിയൊൻപതു ലക്ഷത്തി അറുപത്തിയാറായിരത്തി തൊള്ളായിരത്തി എഴുപത്തിമൂന്നു രൂപ മാത്രം) രൂപ അനുവദിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | വർഷം | പ്രവൃത്തി | പുഴ |
|---|---|---|---|
| 1 | 2021 | പുഴസംരക്ഷണ ഭിത്തി നിർമ്മാണം -വഴിക്കടവ് | കലക്കൻ പുഴ |
| 2 | 2021 | പുഴസംരക്ഷണ ഭിത്തി നിർമ്മാണം -ചെങ്ങനക്കടവ് മണ്ണാത്തിപ്പാറ കുറ്റിപ്പുറം | ഭാരതപ്പുഴ |
| 3 | 2022 | പുഴസംരക്ഷണ ഭിത്തി നിർമ്മാണം - മമ്പുറം പുതിയ പാലം - എ.ആർ നഗർ | കടലുണ്ടി |
| 4 | 2022 | പുഴസംരക്ഷണ ഭിത്തി നിർമ്മാണം - വള്ളിക്കെട്ടി - മമ്പാട് | കുതിരപ്പുഴ |
| 5 | 2022 | പുഴസംരക്ഷണ ഭിത്തി നിർമ്മാണം - മൂഴിക്കൽ കോളനി - എ.ആർ നഗർ | കടലുണ്ടി |
| 6 | 2022 | പുഴസംരക്ഷണ ഭിത്തി നിർമ്മാണം - കുറ്റിക്കാട് കടവ് - പുറത്തൂർ | ഭാരതപ്പുഴ |
| 7 | 2022 | പുഴസംരക്ഷണ ഭിത്തി നിർമ്മാണം - ഇല്ലിപ്പുഴയ്ക്കൽ പരപ്പൂർ | കടലുണ്ടി |
| 8 | 2022 | പുഴസംരക്ഷണ ഭിത്തി നിർമ്മാണം - നെടുവ - പരപ്പനങ്ങാടി | കടലുണ്ടി |
| 9 | 2022 | പുഴസംരക്ഷണ ഭിത്തി നിർമ്മാണം - കാളമ്പാടി വാർഡ് 13 മലപ്പുറം മുനിസിപ്പാലിറ്റി | കടലുണ്ടി |

File No.REV-P3/88/2019-REV

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - RMF - കരാറുകാർക്ക് ബിൽ തുക അനുവദിക്കുന്നതിനായി മലപ്പുറം

ജില്ലയിലെ RMF - ൽ നിന്നും ഫണ്ട് അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (പി) വകുപ്പ്

**സ.ഉ.(സാധാ) നം.1433/2019/റവ.** തീയതി,തിരുവനന്തപുരം, 06/06/2019

പരാമർശം:- 1 24.01.2019-ലെ സ.ഉ(സാധാ) നമ്പർ.256/2019/റവ നമ്പർ ഉത്തരവ്.

2 04.04.2019-ലെ പത്തനംതിട്ട ജില്ലാ കളക്ടറുടെ DM3-7751/18 നം.കത്ത്.

3 27.05.2019-ലെ പത്തനംതിട്ട ജില്ലാ കളക്ടറുടെ DM3-183428/18 നം.കത്ത്.

<u>ഉത്തരവ്</u>

പത്തനംതിട്ട ജില്ലയിലെ RMF അക്കൗണ്ടിൽ മതിയായ ഫണ്ട് നീക്കിയിരുപ്പ് ഇല്ലാതിരുന്നതിനാൽ നദീ സംരക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കിയ കരാറുകാർക്ക് സമയബന്ധിതമായി ബിൽ തുക നല്കാൻ കഴിഞ്ഞിട്ടില്ലായെന്ന് പത്തനംതിട്ട ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് പ്രസ്തുത കരാറുകാർക്ക് ബിൽ തുക അനുവദിച്ചു കൊണ്ട് സർക്കാർ പരാമർശം(1) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതിൻപ്രകാരം മലപ്പുറം ജില്ലയിൽ നിന്നും 50 ലക്ഷം രൂപയും, തൃശ്ശൂർ ജില്ലയിൽ നിന്നും 50 ലക്ഷം രൂപയും, പാലക്കാട് ജില്ലയിൽ നിന്നും 43,52,062/- ( നാൽപ്പത്തി മൂന്ന് ലക്ഷത്തി അമ്പത്തി രണ്ടായിരത്തി അറുപത്തി രണ്ട് രൂപ)രൂപയും ഉൾപ്പെടെ ആകെ 1,43,52,062/- (ഒരു കോടി നാൽപ്പത്തി മൂന്ന് ലക്ഷത്തി അമ്പത്തി രണ്ടായിരത്തി അറുപത്തി രണ്ട് രൂപ) 2005-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (രണ്ടാം ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 22 എ പ്രകാരം പത്തനംതിട്ട ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നൽകുവാൻ ഉത്തരവായി. എന്നാൽ എല്ലാ ജില്ലകളിലേയും R M F അക്കൗണ്ടിൽ അവശേഷിച്ചിരുന്ന തുക ധനകാര്യ വകുപ്പ് സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് മാറ്റുകയും പിന്നീട് ഇതിൽ നിന്ന് ഒരു ചെറിയ വിഹിതം മാത്രം തിരികെ RMF അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തു. എന്നാൽ ധനകാര്യ വകുപ്പിന്റെ ഉത്തരവിലേയും ട്രഷറിയിലേയും ചില സാങ്കേതിക പ്രശ്നങ്ങൾ മൂലം മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ യഥാസമയം ഫണ്ട് ഡിപ്പോസിറ്റ് ആയില്ല.

2. കൂടാതെ ഇതേ സമയത്ത് പത്തനംതിട്ട ജില്ലയുടെ റിവർ മാനേജ്മെന്റ് ഫണ്ട് അക്കൗണ്ട് LAR കേസുമായി ബന്ധപ്പെട്ട് സബ്കോടതി അറ്റാച്ച് ചെയ്യുകയും അക്കൗണ്ട് ഫ്രീസ് ചെയ്യുകയും ചെയ്തു. ആയതിനാൽ പരാമർശം(1)-ലെ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിൽ നിന്നും 43,52,062/- (നാൽപ്പത്തി മൂന്ന് ലക്ഷത്തി അമ്പത്തി രണ്ടായിരത്തി അറുപത്തി രണ്ട് രൂപ) പത്തനംതിട്ട ജില്ലയിലെ R M F അക്കൗണ്ടിലേക്ക് കൈമാറി നൽകിയെങ്കിലും പത്തനംതിട്ട ജില്ലയുടെ അക്കൗണ്ട് ഫ്രീസ് ചെയ്തിരിക്കുന്നതിനാൽ തുക എടുക്കുവാനോ കരാറുകാർക്ക് നൽകാനോ കഴിഞ്ഞിട്ടില്ല. മേൽ സാഹചര്യത്തിൽ കരാറുകാർക്ക് നൽകുവാനുള്ള തുക വ[illegible]രണം ചെയ്ത് കോടതി കേസുകൾ തീർപ്പാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം നൽകണമെന്ന് പരാമർശം ( 2 ) പ്രകാരം പത്തനംതിട്ട ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നദീസംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച ഇനത്തിൽ 39,60,934/- രൂപയാണ് വിവിധ കരാറുകാർക്ക് നൽകാനുള്ളതെന്ന് പത്തനംതിട്ട ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ പത്തനംതിട്ട ജില്ലാ കളക്ടർ നടപടിക്രമം പുറപ്പെടുവിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ RMF-ൽ നിന്നും 39,60,934/- രൂപ (മുപ്പത്തി ഒൻപതു ലക്ഷത്തി അറുപത്തിനായിരത്തി തൊള്ളായിരത്തി മുപ്പത്തി നാല് രൂപ മാത്രം) നേരിട്ട് കരാറുകാർക്ക് താഴെ പറയുന്ന രീതിയിൽ കൈമാറി നൽകുവാൻ മലപ്പുറം ജില്ലാ കളക്ടർക്ക് അനുമതി നല്കി ഉത്തരവാകുന്നു.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | പ്രവൃത്തിയുടെ പേര് | നൽകേണ്ട തുക |
|---|---|---|---|
| 1. | ശ്രീ കെ വി സുദിൻ | RMF- Construction of Balithara on left bank of Achankovil River - Pandalam Mahadevar Temple, Pandalam Panchayath. | 26,46,147/- |
| 2. | ശ്രീ ബിൻസു ഡാനിയേൽ | RMF- Protection work of right bank Kallar near SNDP Thekkuthodu, Konny Panchayath. | 8,16,531/- |
| 3. | ശ്രീ ജിൻസ് പി ജെയിംസ് | RMF-BDP -Providing protection and construction of Kadavu near keepanal Ranny Panchayath. | 4,98, 256/- |

5. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ കളക്ടർ ആവശ്യമായ നടപടിക്രമം പുറപ്പെടുവിച്ച് മലപ്പുറം ജില്ലാ കളക്ടർക്ക് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബെൻസി.ജെ**
അഡീഷണല് സെക്രട്ടറി

ലാന്റ് റവന്യ കമ്മീഷണർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, പത്തനംതിട്ട, മലപ്പുറം.

ഡയറക്ടർ, ഐ.എൽ.ഡി.എം, പി.റ്റി.പി നഗർ, പി.റ്റി.പി നഗർ പി.ഒ,

തിരുവനന്തപുരം – 38.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള , തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.

ഐ & പി. ആർ. ഡി വകുപ്പ് – (വിപുലമായ പ്രചാരണത്തിന്).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | വർഷം | പ്രവൃത്തി | പുഴ |
|---|---|---|---|
| 1 | 2021 | പുഴസംരക്ഷണ ഭിത്തി നിർമ്മാണം -വഴിക്കടവ് | കലക്കൻ പുഴ |
| 2 | 2021 | പുഴസംരക്ഷണ ഭിത്തി നിർമ്മാണം -ചെങ്ങനക്കടവ് മണ്ണാത്തിപ്പാറ കുറ്റിപ്പുറം | ഭാരതപ്പുഴ |
| 3 | 2022 | പുഴസംരക്ഷണ ഭിത്തി നിർമ്മാണം - മമ്പുറം പുതിയ പാലം - എ.ആർ നഗർ | കടലുണ്ടി |
| 4 | 2022 | പുഴസംരക്ഷണ ഭിത്തി നിർമ്മാണം - വള്ളിക്കെട്ടി - മമ്പാട് | കുതിരപ്പുഴ |
| 5 | 2022 | പുഴസംരക്ഷണ ഭിത്തി നിർമ്മാണം - മൂഴിക്കൽ കോളനി - എ.ആർ നഗർ | കടലുണ്ടി |
| 6 | 2022 | പുഴസംരക്ഷണ ഭിത്തി നിർമ്മാണം - കുറ്റിക്കാട് കടവ് - പുറത്തൂർ | ഭാരതപ്പുഴ |
| 7 | 2022 | പുഴസംരക്ഷണ ഭിത്തി നിർമ്മാണം - ഇല്ലിപ്പുഴയ്ക്കൽ പരപ്പൂർ | കടലുണ്ടി |
| 8 | 2022 | പുഴസംരക്ഷണ ഭിത്തി നിർമ്മാണം - നെട്ടുവ - പരപ്പനങ്ങാടി | കടലുണ്ടി |
| 9 | 2022 | പുഴസംരക്ഷണ ഭിത്തി നിർമ്മാണം - കാളമ്പാടി വാർഡ് 13 മലപ്പുറം മുനിസിപ്പാലിറ്റി | കടലുണ്ടി |

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ് - RMF - കരാറുകാർക്ക് ബിൽ തുക അനുവദിക്കുന്നതിനായി മലപ്പുറം ജില്ലയിലെ RMF - ൽ നിന്നും ഫണ്ട് അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (പി) വകുപ്പ്

**സ.ഉ.(സാധാ) നം.1433/2019/റവ.** തീയതി,തിരുവനന്തപുരം, 06/06/2019

പരാമർശം:- 1 24.01.2019-ലെ സ.ഉ(സാധാ) നമ്പർ.256/2019/റവ നമ്പർ ഉത്തരവ്.

2 04.04.2019-ലെ പത്തനംതിട്ട ജില്ലാ കളക്ടറുടെ DM3-7751/18 നം.കത്ത്.

3 27.05.2019-ലെ പത്തനംതിട്ട ജില്ലാ കളക്ടറുടെ DM3-183428/18 നം.കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ RMF അക്കൗണ്ടിൽ മതിയായ ഫണ്ട് നീക്കിയിരുപ്പ് ഇല്ലാതിരുന്നതിനാൽ നദീ സംരക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കിയ കരാറുകാർക്ക് സമയബന്ധിതമായി ബിൽ തുക നല്കാൻ കഴിഞ്ഞിട്ടില്ലായെന്ന് പത്തനംതിട്ട ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് പ്രസ്തുത കരാറുകാർക്ക് ബിൽ തുക അനുവദിച്ചു കൊണ്ട് സർക്കാർ പരാമർശം(1) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതിൻപ്രകാരം മലപ്പുറം ജില്ലയിൽ നിന്നും 50 ലക്ഷം രൂപയും, തൃശ്ശൂർ ജില്ലയിൽ നിന്നും 50 ലക്ഷം രൂപയും, പാലക്കാട് ജില്ലയിൽ നിന്നും 43,52,062/- ( നാൽപ്പത്തി മൂന്ന് ലക്ഷത്തി അമ്പത്തി രണ്ടായിരത്തി അറുപത്തി രണ്ട് രൂപ)രൂപയും ഉൾപ്പെടെ ആകെ 1,43,52,062/- (ഒരു കോടി നാൽപ്പത്തി മൂന്ന് ലക്ഷത്തി അമ്പത്തി രണ്ടായിരത്തി അറുപത്തി രണ്ട് രൂപ) 2005-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (രണ്ടാം ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 22 എ പ്രകാരം പത്തനംതിട്ട ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നൽകുവാൻ ഉത്തരവായി. എന്നാൽ എല്ലാ ജില്ലകളിലേയും R M F അക്കൗണ്ടിൽ അവശേഷിച്ചിരുന്ന തുക ധനകാര്യ വകുപ്പ് സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് മാറ്റുകയും പിന്നീട് ഇതിൽ നിന്ന് ഒരു ചെറിയ വിഹിതം മാത്രം തിരികെ RMF അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തു. എന്നാൽ ധനകാര്യ വകുപ്പിന്റെ ഉത്തരവിലേയും ട്രഷറിയിലേയും ചില സാങ്കേതിക പ്രശ്നങ്ങൾ മൂലം മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ യഥാസമയം ഫണ്ട് ഡിപ്പോസിറ്റ് ആയില്ല.

2. കൂടാതെ ഇതേ സമയത്ത് പത്തനംതിട്ട ജില്ലയുടെ റിവർ മാനേജ്മെന്റ് ഫണ്ട് അക്കൗണ്ട് LAR കേസുമായി ബന്ധപ്പെട്ട് സബ്കോടതി അറ്റാച്ച് ചെയ്യുകയും അക്കൗണ്ട് ഫ്രീസ് ചെയ്യുകയും ചെയ്തു. ആയതിനാൽ പരാമർശം(1)-ലെ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിൽ നിന്നും 43,52,062/- (നാൽപ്പത്തി മൂന്ന് ലക്ഷത്തി അമ്പത്തി രണ്ടായിരത്തി അറുപത്തി രണ്ട് രൂപ) പത്തനംതിട്ട ജില്ലയിലെ R M F അക്കൗണ്ടിലേക്ക് കൈമാറി നൽകിയെങ്കിലും പത്തനംതിട്ട ജില്ലയുടെ അക്കൗണ്ട് ഫ്രീസ് ചെയ്തിരിക്കുന്നതിനാൽ തുക എടുക്കുവാനോ കരാറുകാർക്ക് നൽകാനോ കഴിഞ്ഞിട്ടില്ല. മേൽ സാഹചര്യത്തിൽ കരാറുകാർക്ക് നൽകുവാനുള്ള തുക വ ിരണം ചെയ്ത് കോടതി കേസുകൾ തീർപ്പാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം നൽകണമെന്ന് പരാമർശം ( 2 ) പ്രകാരം പത്തനംതിട്ട ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നദീസംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച ഇനത്തിൽ 39,60,934/- രൂപയാണ് വിവിധ കരാറുകാർക്ക് നൽകാനുള്ളതെന്ന് പത്തനംതിട്ട ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ പത്തനംതിട്ട ജില്ലാ കളക്ടർ നടപടിക്രമം പുറപ്പെടുവിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ RMF-ൽ നിന്നും 39,60,934/- രൂപ (മുപ്പത്തി ഒൻപതു ലക്ഷത്തി അറുപത്തിനായിരത്തി തൊള്ളായിരത്തി മുപ്പത്തി നാല് രൂപ മാത്രം) നേരിട്ട് കരാറുകാർക്ക് താഴെ പറയുന്ന രീതിയിൽ കൈമാറി നൽകുവാൻ മലപ്പുറം ജില്ലാ കളക്ടർക്ക് അനുമതി നല്കി ഉത്തരവാകുന്നു.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | പ്രവൃത്തിയുടെ പേര് | നൽകേണ്ട തുക |
|---|---|---|---|
| 1. | ശ്രീ കെ വി സുദിൻ | RMF- Construction of Balithara on left bank of Achankovil River - Pandalam Mahadevar Temple, Pandalam Panchayath. | 26,46,147/- |
| 2. | ശ്രീ ബിൻസു ഡാനിയേൽ | RMF- Protection work of right bank Kallar near SNDP Thekkuthodu, Konny Panchayath. | 8,16,531/- |
| 3. | ശ്രീ ജിൻസ് പി ജെയിംസ് | RMF-BDP -Providing protection and construction of Kadavu near keepanal Ranny Panchayath. | 4,98, 256/- |

5. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ കളക്ടർ ആവശ്യമായ നടപടിക്രമം പുറപ്പെട്ടുവിച്ച് മലപ്പുറം ജില്ലാ കളക്ടർക്ക് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബെൻസി.ജെ**

**അഡീഷണല് സെക്രട്ടറി**

ലാന്റ് റവന്യു കമ്മീഷണർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, പത്തനംതിട്ട, മലപ്പുറം.

ഡയറക്ടർ, ഐ.എൽ.ഡി.എം, പി.റ്റി.പി നഗർ, പി.റ്റി.പി നഗർ പി.ഒ,

തിരുവനന്തപുരം – 38.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള , തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.

ഐ & പി. ആർ. ഡി വകുപ്പ് – (വിപുലമായ പ്രചാരണത്തിന്).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ